പതിനാലാം കേരള നിയമസഭ

പതിനെട്ടാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1218

06/02/2020-ൽ മറുപടിയ്ക്ക്

# പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം . സ്വരാജ്<br>ശ്രീ. വി .കെ . പ്രശാന്ത്<br>ശ്രീമതി .വീണാ ജോർജ്ജ്<br>ശ്രീ.കെ .ഡി . പ്രസേനൻ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 28 സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 67 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ, കിഫ്ബി അംഗീകാരം ലഭ്യമായ 39 സ്കൂളുകളിൽ 37 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വിയായി വാപ്കോസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ച 14 എണ്ണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

2018-19 വർഷം 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണച്ചുമതല എസ്.പി.വി ആയ

ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

45000 ഹൈസ്കൂൾ ഹയർ സെക്കന്ററി ക്ലാസ്സ് മുറികൾ ഹൈടെക് സംവിധാനമുള്ളവയായി. എൽ.പി, യു.പി സ്കൂളുകളും ഹൈടെക് സ്കൂളുകളായി മാറിവരുന്നു. ലൈബ്രറികൾ, ക്ലാസ് ലൈബ്രറികൾ, ലബോറട്ടറികൾ, ശുചിമുറികൾ, ശൗചാലയങ്ങൾ, പുതിയ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, ചുറ്റുമതിൽ, സ്കൂളുകൾ ആകർഷകമാക്കൽ, പാചകപ്പുര (അടുക്കള) നവീകരണം, കളിസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ് മുറികൾ ഫർണിച്ചർ, ലാംഗ്വേജ് ലാബുകൾ, റാമ്പ് & റയിൽ സംവിധാനം, ഭിന്നശേഷി സൗഹൃദ ശുചിമുറികൾ, ഐ.സി.റ്റി ഉപകരണങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ ലൈബ്രറി പുസ്തകങ്ങൾ എന്നീ സംവിധാനങ്ങൾ ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവ് മെച്ചപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവ് മെച്ചപ്പെടുത്തുവാൻ വളരെയധികം പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുട്ടികളുടെ ഭാഷയിലും ഗണിതത്തിലും ശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലും ഉള്ള അക്കാദമിക മികവ് മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

1. എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ ആക്ഷൻ പ്ലാൻ.
2. ഭാഷാ വികസനത്തിനായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി.
3. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ പദ്ധതി'.
4. ശാസ്ത്രപഠനവും ഗണിത പഠനവും മികവാർന്നതാക്കാൻ ശാസ്ത്ര പാർക്കുകൾ, ശാസ്ത്ര ഗണിത ക്ലബുകൾ, ഗണിത വിജയം, ഉല്ലാസ ഗണിതം, ഭൂമിശാസ്ത്ര ലാബ്, ഗണിതകിറ്റ് തുടങ്ങിയവ.
5. കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് 'ടാലന്റ് ലാബ്', പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ.
6. ജൈവവൈവിധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്.
7. അധ്യാപക പരിശീലനം.

8. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ.

9. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി കേരളത്തിന്റെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ.

10. ഹയർസെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി ഇംഗ്ലീഷ് പരിപോഷണ പരിപാടി.

11. ഹയർ സെക്കന്ററി / ക്യൂ.ഐ.പി വിദ്യാലയങ്ങൾക്കായുള്ള ഇംഗ്ലീഷ് പഠനപരിപോഷണ പരിപാടി.

12. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്.

13. പ്രീ സ്കൂൾ ശാക്തീകരണം.

14. ക്ലാസ് ലൈബ്രറി.

15. പഠനോത്സവങ്ങൾ.

(സി) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ഉണ്ടായതുപോലെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ തുടർന്നും വർദ്ധനവ് വരുത്തുന്നതിന് എന്തെല്ലാം ഊർജ്ജിത നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

(സി) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് രക്ഷിതാക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുന്നതിന് എല്ലാ പൊതുവിദ്യാലയങ്ങളിലും പഠനോത്സവങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ പഠനത്തെളിവുകൾ പഠനോത്സവങ്ങളിൽ അവതരിപ്പിക്കും. പഠനോത്സവം മുതൽ അടുത്ത വർഷത്തെ സ്കൂൾ പ്രവേശനോത്സവം വരെയുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു.

Namitha P

**സെക്ഷൻ ഓഫീസർ**